16. Appointment of an Ezhuva as the Excise Commissioner.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— "ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ അവർകളുടെ കാലാവധി കഴിയുമ്പോൾ തൽസ്ഥാനത്തു് ഒരു ഈഴവനെ എക്സൈസ് കമ്മീഷണരായി നിയമിക്കണമെന്നു ഈ കൌൺസിൽ ഗവർമ്മെൻറിനോടു ശുപാർശ ചെയ്യുകൊള്ളുന്നു."

Mr. President.— That is looking too far ahead. (Laughter.)

* മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, ഞാൻ ഈ പ്രമേയം അയച്ച സമയത്തു് ഒരു കൊല്ലം കഴിഞ്ഞാൽ ഈ സ്ഥാനം ഒഴിയത്തക്ക നിലയിലായിരുന്നു. പക്ഷെ ഈ പ്രമേയം അവതരിപ്പിക്കുന്നതിനു മുൻപു് ആ സ്ഥാനത്തേക്കു വേറൊരാളെ നിയമിച്ചതു് എൻറെ ഈ റസല്യൂഷൻറെ ഭർവിധി എന്നു മാത്രമെ ഞാൻ പറയുന്നുള്ളൂ. ദേവസ്വം ഡിപ്പാർട്ടുമെൻറു സവർണ്ണർക്കും, നായർ ബ്രിഗേഡ് നായന്മാർക്കും, ഫിഷറി ഡിപ്പാർട്ടുമെൻറു അതിലെ ആൾക്കാർക്കും കൊടുത്തിരിക്കുന്നതുപോലെ ഈ ഡിപ്പാർട്ടുമെൻറിൽ മറ്റുള്ള എല്ലാ സമുദായക്കാരേക്കാൾ കൂടുതൽ ഇടപാടുള്ളവരും കൂടുതൽ നികുതി കൊടുക്കുന്നവരുമായ ഈഴവർക്കും ഈ സ്ഥാനം കൊടുത്തു എന്നു വരുന്നതുകൊണ്ടു എന്തു വിരോധമാണു് ഗവർമ്മെൻറിനു് ഉണ്ടാകുന്നതു്? പക്ഷെ ഞാൻ വിചാരിച്ചിരുന്നപോലെയല്ല വന്നുകൂടിയിരിക്കുന്നതു്. ഒരു പക്ഷെ നമ്മുടെ ഭരണ കൂടത്തിൽ ഇപ്പോഴുള്ള തിരിച്ചൽ മറിച്ചൽ കൊണ്ടുതന്നെ ആ സ്ഥാനത്തേക്കു് ഒരു ഈഴവൻ വന്നേക്കാം. അതുകൊണ്ടു തല്ക്കാലം ഇതിനെപ്പറ്റി ഒന്നും പറയുന്നില്ല. പിന്നെ ഞങ്ങളുടെ ആളുകൾ കള്ളിൽ കുറെ ഒക്കെ വെള്ളം ചേർക്കാറു പതിവുണ്ടു്. ഇപ്പോഴത്തെ വകുപ്പദ്ധ്യക്ഷൻറെ കാലത്തു എത്ര വെള്ളം ചേർത്താലും കണ്ടുപിടിക്കുവാൻ സാധിക്കയില്ല. അങ്ങിനെയുള്ള ഒരു മെച്ചം ഞങ്ങൾക്കു് ഇപ്പോഴുണ്ടു്. ഇനി വരുവാൻ പോകുന്ന ആൾ ഞങ്ങളുടെ ആളാകയാൽ ഞങ്ങളുടെ ഉള്ളുകള്ളികൾ അദ്ദേഹത്തിനു മനസ്സിലാക്കുവാൻ സാധിക്കും. അതുകൊണ്ടു് ഞാൻ ഇതിനെ പിൻവലിക്കുന്നു.

Resolution was, by leave, withdrawn.

17. Constitutional Reforms in the State.

Mr. K. T. Mathew.—"*The Council recommends to introduce further Constitutional Reforms including the appointment of at least two ministers enjoying the confidence of the Legislature to carry on the administration in co-operation with the Diwan*".

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

At this stage the Deputy President. (M. R. Ry. A. Sankara Menon Avl., B. A., B. L.) occupied the Chair.)

മിസ്റ്റർ കെ. ടി. മാത്യു:— സർ, ഈ പ്രമേയം ഇതിനു മുമ്പുതന്നെ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതും, ഈ സഭ പാസാക്കീട്ടുള്ളതുമാണ്. ഗവർമ്മെൻറിൽനിന്ന് ആ സമയത്തു കൌൺസിലിൽ വെച്ചു തന്നെ ഇതിനു ശരിയായ മറുപടി പറഞ്ഞിട്ടില്ലെന്നു മാത്രമല്ല, ഗവർമ്മെൻറ് ഇതു സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയ പ്രൊസീഡിംഗ്സിലും പറഞ്ഞിട്ടില്ല. ദിവാൻ അദ്ധ്യക്ഷൻ പോയതിൽ എനിക്കു വളരെ വ്യസനമുണ്ട്. ഭരണ പരിഷ്കരണം അദ്ദേഹത്തിൻറെ ശ്രദ്ധയിൽ പെടുത്തിട്ടുള്ള സംഗതിയാണ്. അതിനുവേണ്ടി അദ്ദേഹം ഹജൂർ പരിഷ്കരിച്ചു. Advisory കമ്മിറ്റികൾ രൂപീകരിച്ചു. ഇനിയൊന്നും അടുത്ത കാലത്തു് ഭരണപരിഷ്കാരത്തിനായി അദ്ദേഹം ചെയ്യുന്നില്ലയോ? അദ്ദേഹം ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ വാസ്തവസ്ഥിതി നമ്മെ മനസ്സിലാക്കുമായിരുന്നു. അതിനിടയാകാത്തതിനാലാണ് വ്യസനിക്കുന്നതു്. ഇപ്പോഴത്തെ ദിവാൻ അദ്ധ്യക്ഷൻ വന്നതിനുശേഷം നിയമസഭ പാസാക്കിയിട്ടുള്ള പ്രമേയങ്ങളുടെ സ്ഥിതി ആലോചിച്ചു നോക്കുമ്പോൾ ഈ പ്രമേയം പാസാക്കിയാലും എന്തെങ്കിലും ഗുണം കിട്ടുമെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. അദ്ദേഹം ദിവാൻജിയായി വന്നതിനുശേഷം, പാസാക്കിയിട്ടുള്ള പ്രമേയങ്ങളിൽ ഒരു പ്രമേയം ഒഴിച്ചു് മറ്റുള്ളതെല്ലാം അദ്ദേഹത്തിൻറെ ചവറു കൊട്ടയിൽ തള്ളുകയാണു ചെയ്തിട്ടുള്ളതു്. അങ്ങിനെയിരിക്കെ ഈ പ്രമേയം സ്വീകരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. എന്നാൽ കൊച്ചി രാജ്യത്തെ ജനപ്രതിനിധികളായ ഞങ്ങൾക്കു പൊതുജനങ്ങളുടെ ആവശ്യം ഗവർമ്മെൻറിൻറെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ട അവകാശവും ചുമതലയുമുണ്ടു്. അതിനാലാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതു്.

ബ്രിട്ടീഷ് ഇൻഡ്യയിൽ കോൺഗ്രസ്സിൻറെ സഹായത്തോടുകൂടി അസംബ്ലിയിൽ ഒരു മെമ്പറാകുകയും പിന്നീടു പൊതുജന പ്രതിനിധികളുടെ വോട്ടു സമ്പാദിച്ചു് അതിലെ അദ്ധ്യക്ഷനായിത്തീരുകയും ചെയ്ത ദിവാൻജി അവർകളോടു ഇങ്ങിനെ ഒരു റസല്യൂഷൻ പാസാക്കി ഭരണപരിഷ്കാരം ഏർപ്പെടുത്തേണ്ടതാണെന്നു പറയേണ്ട ആവശ്യമില്ല. അദ്ദേഹം ദിവാൻജിയായി വന്നതിനുശേഷം കമ്മറ്റികൾ രൂപീകരിച്ചു് പൊതുജനപ്രതിനിധികൾക്കു കൂടുതൽ അധികാരം നൽകുവാൻ പോകുന്നുവെന്നു് ഞാൻ കടലാസ്സിൽ വായിച്ചു. ഈ കമ്മറ്റി രൂപീകരണം ഏറ്റവും നിസ്സാരമായ ഒരു സംഗതിയാണ്. ഈ നിയമസഭ രൂപീകരിച്ചകാലത്തുതന്നെ ഇങ്ങിനെ കമ്മിറ്റികൾ വേണമെന്നു് ആവശ്യപ്പെടുവാൻ ഞങ്ങൾ ആലോചിക്കയുണ്ടായി. ഈ സംഗതിയെല്ലാം അദ്ദേഹം മനസ്സിലാക്കേണ്ടതു് ആവശ്യമായിരിക്കെ അദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ഹം ഇവിടെനിന്ന പോയതിൽ ഞാൻ വ്യസനിക്കുന്നു. ഇൻഡ്യയിലെ നാട്ടരാജ്യങ്ങളിലെല്ലാം ഭരണപരിഷ്കാരം വേണ്ടതാണെന്ന് അവിടത്തെ പൊതുജനങ്ങൾ വാദിക്കുന്നു. കുറച്ചൊരു ഭരണപരിഷ്കാരം അടുത്ത അയൽരാജ്യമായ തിരുവിതാംകൂറിൽതന്നെ അടുത്തകാലത്തു് നടപ്പിൽ വരുത്തിയിട്ടുണ്ടു്. അതുമൂലം ജനങ്ങളുടെയിടയിൽ ഒരു ഉണർവുണ്ടാക്കീട്ടുണ്ടു്. ഉറങ്ങിക്കിടന്നിരുന്ന പല സമുദായങ്ങളും അവിടെ ഇപ്പോൾ ഉണന്നിരിക്കുന്നു. എന്നാൽ ഈ രാജ്യത്തുള്ളവർ ഇപ്പോഴും ഉറങ്ങിക്കൊണ്ടുതന്നെയിരിക്കുന്നു. അവരെ ഉണർത്തുന്നതിനായിട്ടെങ്കിലും ഗവർമ്മെൻറു് എന്തെങ്കിലും ചെയ്യുമോ? ഇനി ഗവർമ്മെൻറു് മെമ്പർമാരുടെ അഭിപ്രായം കേട്ടതിനുശേഷം എനിക്കു പറയുവാനുള്ളതു് പറയാമെന്നു് വിചാരിച്ചു ഞാൻ തല്ക്കാലം എന്റെ പ്രസംഗം നിറുത്തുന്നു.

* **Mr. E. Ikkanda Warriar.**—Sir, I beg to second the resolution. I do not want to make a long speech. If at any time there was necessity for the people to assert their voice in the affairs of this State I would submit that this is the time for it. It cannot be said that we are not trained in the form of popular Government. We had this training for the last 11 years. We had been going on with the same old work. We were also representing to the Government that we were fit to take up more responsibility in the matter of the administration of the State. We were told to wait and to wait. As a matter of fact the great reforms that they have introduced since the constitution of this Legislative Council is the power given to us to ask supplementary questions and also the right of electing our own Deputy President. They do not in any way enlarge the usefulness and scope of the subjects that could be discussed in this Council. Most of the important subjects affecting vitally the various interests of the State are still tabooed. The burning questions of the day, the questions of the Harbour and the Railways, and such other questions are not made subjects of discussion in this Council. We are not given all these although we are represented with some beautiful pictures of the Harbour and its future prospects. We are not privileged to examine the various commitments which our State has made in that connection. We have staked a good deal of money. In fact we have incurred liabilities to the extent of more than a crore of rupees without knowing as to what we are going to get from the Harbour. There was a pronouncement on the subject after the Harbour Conference by the Diwan President. Some of us, especially the Hon'ble Member for Trichur, who really wanted to get some more information about it, stood up and asked a question in this Council requesting the President

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

to clear some doubts which he had entertained about that. The President said 'No'. We have no right to discuss it. Now what is the position? So far as the question of the Harbour is concerned we have simply to accept what the Government has done. Look at the position of ours outside the State. We are said to be the chosen representatives of the people. We are sent here in the fond hope that we will be able to solve great problems connected with the affairs of the State. I think we would be able to help the Government to a great extent in matters of great importance. As a matter of fact what happens here? We ask a series of questions and bring forward some resolutions which if the Government are pleased they may accept or reject. Let us look to the other side of Travancore and also British India. They are going to get at least Provincial autonomy. What is the reason for the Government for not giving that reform which the British people are enjoying? Have we not shown, the chosen representatives of the people, the ability to grasp facts, the earnestness to study things and do things as are done by our brothers on the other side? How can it be said that we are anything less. I would go to the extent of saying that only if we are given responsibility in the administration we will be able to administer properly. What is it now that we have? We have only the form of it now. If we look to Travancore on the other side, such questions like the Harbour and the Railways are thrown open to them for discussion. They are even allowed to discuss on Devaswoms there. Here we were only a few minutes ago discussing a very vital matter affecting about 75 per cent of the population of the State. I mean the question of untouchability and unapproachability. If the Government had really allowed us to discuss that subject we would have brought a Bill showing exact requirements which could be discussed, on which evidence could be taken, questions could be discussed and amendments could be brought as we liked. We are not allowed to do that and probably after a discussion of three or four hours we are told that the resolution as it is worded is too vague and that they could not make out the real implications of the resolution. If we were given opportunities to discuss that subject we would have brought in a Bill and the various implications could have been made clear. In the same way instances could be multiplied which will go to show that we are not having any responsibility in the matter of administration. We are only having a form of it. I say it is dangerous to give us a sort of representative institution without the real power. To an outsider here there is a Legislative Council with a two-thirds majority of the elected representatives. For what? We can ask some questions

LIBRARY ARCHIVES Kerala Legislative Assembly

on unimportant subjects. I therefore say it is high time that the Government, if they really want the co-operation of the public, should give us more powers and ask us to take up the responsibility of administration. I assert that we are fit for it. We had the training for it; we have the mind for it and we have the ability for it. The only thing that stands in our way is the reluctance of the Government to part with the power which they have. I say that in the better interests of the State it is high time that the Government should part with a little bit of their power and hand it over to the people of the State which is their legitimate due. If the Government does not do it, it is better that they abolish this sham representative Government which is given to us. With these few words I heartily second the resolution that is just now moved.

മിസ്റ്റർ വി. കെ. കൃട്ടി.— സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഈ രാജ്യത്തു ഭരണപരിഷ്കാരം വരുത്തേണ്ട ആവശ്യകതയെപ്പറ്റി അധികം പ്രസംഗിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ വിഷയത്തെപ്പറ്റി കഴിഞ്ഞ ബഡ്ജറ്റു യോഗത്തിൽ ഒരു കട്ട മോഷൻ പാസാക്കുകയുണ്ടായിട്ടുണ്ട്. അന്നാവശ്യപ്പെട്ടതു 8, 10 കൊല്ലങ്ങൾക്കുമുമ്പു് ഈ കൌൺസിലിൽ പാസാക്കീട്ടുള്ള നിർദ്ദേശങ്ങളെ ആസ്പദമാക്കി ഒരു ഭരണപരിഷ്കാരം നൽകണമെന്നായിരുന്നു. ഇപ്പോഴത്തെ പ്രമേയവും അതിൽ ഒട്ടും കുറ്റതലായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. ഓരോകൊല്ലം ചെല്ലുന്തോറും ജനപക്ഷത്തുനിന്നുള്ള ഈ ഏറ്റവും ന്യായമായ അഭ്യർത്ഥനയുടെ ശക്തി വർദ്ധിച്ചു വരികയല്ലാതെ കുറഞ്ഞുപോകുമെന്നു് ഗവൺമെൻറു് ഒരിക്കലും വിചാരിക്കേണ്ട. പുരോഗമനോന്മുഖമായ ലോകനീതിയും മനസ്സിലായിട്ടുള്ള ഒരു പരിഷ്കൃതമായ ഗവൺമെൻറു്, അല്ലെങ്കിൽ ഗവൺമെൻറു ഭരണയന്ത്രത്തെ തിരിച്ചുകൊണ്ടിരിക്കുന്ന ആളുകൾ അതാതു കാലത്തിനനുസരിച്ചു് ഭരണയന്ത്രത്തെ ജനകീയാവശ്യങ്ങൾക്കനുസരിച്ചു പരിഷ്കരിക്കേണ്ടതാണു്. അതിനു സന്നദ്ധത ഇല്ലാത്തപക്ഷം കൌൺസിലിന്റെ പ്രക്ഷോഭണം, ഞങ്ങളെ തിരഞ്ഞെടുത്തയച്ചിട്ടുള്ള വരുടെ നേരിട്ടുള്ള പ്രക്ഷോഭണമായിമാറുമെന്നു തീച്ചയാണു്. അങ്ങിനെ ഒരു കാലം വരുന്നപക്ഷം തീണ്ടൽതൊടീൽ മുതലായ ആചാരങ്ങളെപ്പറ്റി മുമ്പു പലേ മാന്യന്മാരും പ്രസംഗിച്ചതുപോലെ ആ ശക്തി തടുക്കുവാൻ ഗവൺമെൻറിനു് സാധിക്കാതെ വരും. ബ്രിട്ടീഷിൻഡ്യയിലെ അനുഭവം ഈ വിഷയത്തിൽ നോക്കുന്നതുകൊണ്ടു് അതു് ഇവിടെ ഉണ്ടാകയില്ലെന്നു വിശ്വസിക്കുവാൻ നിവൃത്തി കാണുന്നില്ല. അങ്ങിനെയുള്ള ഒരു ചുറുപാടു അല്ലെങ്കിൽ പരിതസ്ഥിതി വരുന്നതിനുമുമ്പായി കുറഞ്ഞുകുറഞ്ഞുയായി നാട്ടുകാർ ആവശ്യപ്പെടുന്ന അവരുടെ അവകാശത്തെ ഗവൺമെൻറു വകവച്ചു കൊടുക്കണമെന്നാണു് ഞാൻ ഗവൺമെൻറിനോടു് അപേ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷിക്കുന്നത്. ഇവിടെ പാസാക്കുന്ന പ്രമേയം ഗവമ്മെൻറു തള്ളിക്കളയുന്നതിൽ വ്യസനിച്ചതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. നമ്മുടെ അനുഭവത്തിൽ ഇരിക്കുന്നതും നാം കാണുന്നതുമായ ഈ സംഗതിയെക്കുറിച്ചു പ്രത്യേകം വിവരിക്കേണ്ടതില്ല. ഇനി മറൊരു വിധത്തിൽ ആലോചിക്കുകയാണെങ്കിൽ ഈ ഒരു അധികാരം നാട്ടുകാക്കു കൊടുത്തുകഴിഞ്ഞാൽ ഗവമ്മെൻറിന്നൊ ഗവമ്മെൻറുദ്യോഗസ്ഥന്മാക്കൊ വല്ല ദോഷവും വരുമൊ എന്നുള്ളതാണ് ഭയമെങ്കിൽ നിങ്ങളുടെ ഉദ്യോഗങ്ങൾക്കു യാതൊരു ഇളക്കവും വരുന്നതല്ല എന്നു ഞങ്ങൾ ഉറപ്പു തരാം. എന്നുമാത്രമല്ല ഉദ്യോഗസ്ഥന്മാരും ഒരിക്കൽ അനുദ്യോഗസ്ഥന്മാരാകുന്നതാകയാൽ അവക്കും ഞങ്ങൾ ആവശ്യപ്പെടുന്ന ഭരണാധികാരങ്ങൾ അനുഭവിക്കാൻ സാധിക്കുന്നതുമാണ്. അപ്പോൾ നാട്ടിനെ സേവിക്കുവാൻ അവക്കു സന്നദ്ധതയുണ്ടാകുന്നതാണ്. ഞങ്ങളുടെ ഈ ഭരണപരിഷ്കാരം ആവശ്യമായിട്ടാണിരിക്കുന്നതു്. ഒരു കാലത്തു നിങ്ങൾക്കെല്ലാം മന്ത്രിമാരായി ആ സ്ഥാനത്തു് കേറിക്കടക്കുവാൻ സൌകര്യമുണ്ടാകണം. ഭരണകാര്യത്തിൽ കൂടുതൽ പരിചയമുള്ളവരെയാണ് നാട്ടുകാർ അന്വേഷിച്ചെടുക്കുക. അങ്ങിനെ നോക്കുമ്പോൾ അതിൽ കൂടുതൽ ചാൻസു നിങ്ങൾക്കാണുള്ളതു് എന്നു് പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. ഈ കൌൺസിലിൽ നാട്ടുകാരെ പൊതുവിൽ ബാധിക്കുന്ന പല സംഗതികളെപ്പറ്റിയും വാദപ്രതിവാദം ചെയ്യുവാൻ അധികാരമില്ലെന്നുള്ളതു് ഒരു മാന്യ മെമ്പർ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ഇങ്ങിനെയുള്ള ഓരോ സംഗതികളെപ്പറ്റിയും ചിന്തിക്കുമ്പോൾ ഉത്തരവാദിതപ്പെട്ട ഭരണം ഈ നാട്ടുകാക്കു ഒഴിച്ചുകൂട്ടുവാൻ പാടില്ലെന്നുള്ള ഞങ്ങളുടെ അഭിപ്രായം ഗവമ്മെൻറു സമ്മതിക്കാതിരിക്കയില്ലെന്നാണ് ഞങ്ങൾ വിചാരിക്കുന്നതു്. ഈ വിഷയത്തിൽ കൂടുതലായി ഒരു പ്രസംഗം ചെയ്തു പുനരാവർത്തനം ചെയ്യുവാൻ ഞാൻ വിചാരിക്കുന്നില്ല. ഇക്കാര്യത്തിൽ ഗവമ്മെൻറിന്റെ വിലയേറിയ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു് ഏന്റെ ഈ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. A. V. Moothedan—Mr. President, Sir, we are boasting every day that we, in Cochin State are occupying a very high position in the field of education. It is true. But it is also true that in politics we are lagging behind. The Minto—Morley reforms were introduced in 1909 and there were advisory committees. We are also having the advisory committees now. Therefore we stand to day where British India stood in 1909. But what about the advisory committees? We have no majority in those committees. The advisory committee is to have three members, one nominated by the Government and two elected by this House. Then there is a President who is not a member of the Committee. It is a paradox. The highest position in the Committee is that of the Chairman and the Chair-

LIBRARY ARCHIVES Kerala Legislative Assembly

man is a non-member appointed by the Government. Therefore the position of the committee, it appears to me, is very ridiculous. We have no position there; we have no majority. Again we know that the Government of India Act has been passed in Parliament in 1935. The Provinces in British India will be getting Provincial autonomy at least in 1937. But where are we? We have only these advisory committees. We are most advanced in education. But politically, we are far behind. In my opinion, the people are to be blamed for this state of affairs to a very great extent. They never organise themselves. In British India there is the organisation of the Congress which is mainly responsible for these reforms there. But here we have nothing. At one time there was a Mahajanasabha. That died a natural death.

A voice—It was killed.

My friend says it was killed. Then there is now an Association called the Cochin Peoples' Association. That association is not getting the support of the people. Therefore I say we ourselves are to be blamed for this state of things. There is no use of blaming the Government alone. If you want Constitutional Reforms, people should organise themselves and fight for it.

Mr. A. Narayana Menon.—Sir, I support this resolution. Before the late lamented Highness the Ex-Maharaja abdicated he promised his people that they would be given representative institutions which would have real powers and not shadowy powers. My information is that a scheme was sent to the Madras Government and that scheme was turned down on the reason that the Legislative Council then in existence in the Provinces did not possess so much powers as were contained in the scheme that was sent up by His Highness. Now we are having in Cochin a Council which have powers parallel only to those which the Provincial Councils possessed then. The Provincial Councils have passed through many progressive stages since then. They got dyarchy; now they are going to have Provincial autonomy. By this resolution the mover intends only to introduce dyarchy, that is the stage in which the Madras Government is today. I submit it is but reasonable that the Government should accede to this resolution which is to give us training in the system of responsible Government which we must certainly have before entering the All India Federation. What I have understood from the Government of India Act of 1935 is that every State that becomes a unit of the federation will be compelled to grant Provincial autonomy to the people.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. T. Mathew.—There is nothing of the kind.

Mr. A. Narayana Menon.—Whatever that may be, we are to enter the Federation and we will certainly have to get one day or other Provincial autonomy. Therefore let us just have a training in dyarchy now as envisaged in this resolution. Give us the nation-building departments such as the Panchayats, Co-operation, Agriculture, Education and like subjects. I submit that the demand is not a very great one. It is only proper that this demand is gracefully acceded to by the Government.

Mr. T. S. Narayana Ayyar—The position of Government today is the same as that indicated during the general discussion on the budget early in August last. Pointed reference was made by the Diwan to the question in his concluding remarks at pp. 327 to 329 of the proceedings of the Council. It is not necessary that I should refer to them again. The Diwan then said that he hoped that during his time he had laid the foundation for these constitutional reforms. Government have since constituted 'advisory committees' of the Legislature with the object of bringing the non-official element into greater touch with the every-day working of the various departments of the administration.

The Hon'ble Member for Chalakudi happened to remark that these Advisory Committees are so constituted that the non-offical members are not able to secure a majority and that they are not therefore able to make any effective representations to Government. This is not so. The recommendations of these committees are, in their nature, advisory. But so far as the voting is concerned, the rule that is observed is that the voting on any question is left entirely to the non official members. The Head of the Department who is generally associated in the deliberations of the Committee, does not vote, nor does the President. It should always be possible then, for non-officials to have a majority on any question brought up before the Committee.

Reference was made by Hon'ble Members to what is happening in British India and Travancore. In British India, Hon'ble Members are aware that though the Indian Councils Act was passed in 1861 and though political education in India had so far advanced, dyarchy as a stage in responsible Self-Government was introduced only in 1921 after the lapse of nearly 60 years. In Travancore or for the matter of that in any other Indian State you have not got it even now. Compared therefore with the history of other legislatures, either in British India or

LIBRARY ARCHIVES Kerala Legislative Assembly

in other Indian States, this Council has, during the brief period of its existence so far, a greater record of achievements to its credit, a position which, I dare say, augurs very favourably for the realisation, successively and in the fulness of time, of those further constitutional reforms which are envisaged in this resolution.

Mr. P. Kumaran Ezhuthassan.—How long will it take?

Mr. T. S. Narayana Ayyar.—'In the fulness of time.'

മിസ്റ്റർ കെ. അയ്യപ്പൻ.— സർ, ഈ കാര്യത്തിൽ തൃപ്തികരമായ ഒരു സമാധാനം ഇതുവരെ ഗവമ്മെൻറു പറഞ്ഞിട്ടില്ല. ദിവാൻ പ്രസിഡണ്ടു് അവർകളുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളും തൃപ്തികരമല്ല. തല്ക്കാലം പഞ്ചായത്തു മുതലായ ചില വകുപ്പുകളെങ്കിലും ഉത്തരവാദമന്ത്രിമാക്കു കൊടുത്തു ഭരിപ്പിക്കുക. ആദ്യം ഒരു പരീക്ഷണമായിട്ടു മതി. അവർ ഒന്നു ഭരിച്ചു നോക്കട്ടെ, എന്തു അബദ്ധമാണു് വരാൻ പോകുന്നതു എന്നു നോക്കാം. പഞ്ചായത്തു മുതലായ ഡിപ്പാർട്ടമെൻറുകൾ ഈ നിയമസഭയിലെ വിശ്വാസമുള്ള പ്രതിനിധികളെ ഏല്പിച്ചു് ഒന്നു പരീക്ഷിച്ചുനോക്കിയാൽ ഇപ്പോൾ മദ്രാസിലും മറ്റും നടത്തുന്നതുപോലെ അവർ നടത്തും. യാതൊരു കുഴപ്പവും വരുവാനില്ല. ഇങ്ങിനെ ഒരു പരിഷ്കാരം നടത്തുവാൻ ഗവമ്മെൻറു മടിക്കുന്നതിനു ഒരൊറ്റ കാരണം മാത്രമാണു് ഉള്ളതു്. ജനപ്രതിനിധികൾ തിരഞ്ഞെടുത്തയക്കുന്ന മെമ്പർമാരെ ഈ മൈനർ ഡിപ്പാർട്ടമെൻറിൻെറ ഭരണം ഏല്പിച്ചുകൊടുത്താൽ ഇപ്പോൾ ഗവമ്മെൻറു മെമ്പർമാർ നടത്തുന്നതിനേക്കാൾ വളരെ ഭംഗിയായി നടത്തുമെന്നുള്ള ഒരു ഭയമാണു്.

അഡൈ്വസറിക്കമ്മറിക്കൊണ്ടു് വളരെ ഒന്നും ചെയ്യുവാൻ സാധിക്കയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.— ചെയ്യുവാൻ ശ്രമിക്കാഞ്ഞിട്ടാണു്.

മിസ്റ്റർ കെ. അയ്യപ്പൻ.— ശ്രമിക്കാഞ്ഞിട്ടു മാത്രമല്ല. അഡൈ്വസറിക്കമ്മിറിക്കൊണ്ടു് തീരെ പ്രയോജനമില്ലെന്നു പറയാനും പാടില്ല. അഡൈ്വസറിക്കമ്മിറിയുടെ കാര്യവും പറഞ്ഞു് കാൺസ്റ്റിറ്റ്യൂഷണൽ റിഫോം നീട്ടിക്കൊണ്ടുപോകുവാൻ പാടില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. രണ്ടു മിനിസ്റ്റർമാരെ മാത്രം തല്ക്കാലം നിയമിക്കണമെന്നു പറയുമ്പോൾ അതു സാധിക്കയില്ലെന്നു പറയുന്നതിൽ ന്യായമില്ല. ഈ ഭരണപരിഷ്കാരം വന്നുകഴിഞ്ഞാൽ യാതൊരു ദോഷവും വരുവാനില്ല. ഇതാണു് എനിക്കു പ്രധാനമായി പറയുവാനുള്ളതു്. ഇപ്പോഴത്തെ സ്ഥിതി ആലോചിച്ചുകഴിഞ്ഞാൽ കുറെ കൊല്ലങ്ങളായിട്ടു് പഴയ നിലയിൽനിന്നും വളരെ ഭേദപ്പെട്ടിരിക്കുന്നു. ബനിവൊളൻറ് ഓട്ടോ

LIBRARY ARCHIVES Kerala Legislative Assembly

ക്രസ്സിയുടെ കാലമെല്ലാം പോയി. ഇനി ഉഷിച്ചുതായാലും ഡെമോക്രസ്സിയാണ് ജനങ്ങൾ ഇഷ്ടപ്പെടുക. അതെ ജനങ്ങൾ സമ്മതിക്കുകയുള്ളൂ എന്ന കാലമായി. ജനങ്ങൾ ആവശ്യപ്പെടുന്ന കാര്യങ്ങൾ സാധിക്കയില്ലെന്നുള്ള നില വന്നുകഴിഞ്ഞാൽ അതായിരിക്കും ഏറ്റവും വലിയ ദോഷം. അങ്ങിനെയുള്ള ദോഷം ജനങ്ങളുടെ പ്രതിനിധികൾ ഇരുന്നു ഭരിക്കുന്ന കാലത്തു വന്നാലും സ്വയംഭരണമുണ്ടെന്നൊങ്കിലും പറയാമല്ലൊ. തിരുവിതാംകൂറിൽ ഭരണപരിഷ്കാരം ഉണ്ടെന്നു പറഞ്ഞതു ശരിയല്ല. അവിടത്തെ ഗവൺമെൻറിനും ഈ ദോഷം തന്നെയാണ് ഉള്ളതു്.

മിസ്റ്റർ കെ. ടി. മാത്യു.— അവിടെയുള്ള ജനങ്ങൾ ഉണർന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.— ഇതിനുവേണ്ടിയല്ല ഉണർന്നതു്.

മിസ്റ്റർ കെ. ടി. മാത്യു.— അതെ, ഇതിനുവേണ്ടിയാണ് ഉണർന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ.— എന്റെ അഭിപ്രായത്തിൽ തിരുവിതാംകൂറിനേക്കാൾ ഭേദം കൊച്ചിഗവൺമെൻറുതന്നെയാണു്. പക്ഷെ നമ്മുടെ ഗവൺമെൻറു നമ്മോടൊപ്പം വരുന്നില്ലെന്നേയുള്ളൂ. മറ്റു രാജ്യങ്ങളിലെ ഗവൺമെൻറുകൾ അവിടത്തെ പൊതുജനങ്ങളേക്കാൾ മുന്നോട്ടു പോകുന്നുണ്ടു്. എന്നാൽ കൊച്ചിയിൽ പൊതുജനങ്ങളോടൊപ്പം വരുവാൻപോലും ഗവൺമെൻറിനു സാധിക്കുന്നില്ല. ഞാനിതു പ്രത്യേകം പറയുവാൻ കാരണം, കമ്മ്യൂണലിസം എന്നു പറയുന്നതു് സമുദായപ്രാതിനിദ്ധ്യവാദികൾ ഭരണപരിഷ്കാരത്തിനു എതിരാണെന്നുള്ള ഒരു തെറ്റിദ്ധാരണ നീക്കുവാൻ വേണ്ടിയാണു്. ഞാൻ ഒരു സമുദായപ്രാതിനിദ്ധ്യവാദിയാണു്. ജാതിവ്യത്യാസം നിലനില്ക്കുന്ന കാലത്തോളം സമുദായപ്രാതിനിദ്ധ്യം പാടില്ലെന്നുള്ളതു് തികഞ്ഞ ഒരു കമ്മ്യൂണലിസമാണ്.

മിസ്റ്റർ പി. രാമൻമേനോൻ.— പ്രസിഡണ്ടു് സർ, അനല്പമായ ആവേശത്തോടും, അപാരമായ ഉൽകണ്ഠയോടും കൂടിയല്ലാതെ പ്രസംഗിക്കുന്നതിനു നിവ്വാഹമില്ലാത്തവിധത്തിൽ പ്രാധാന്യവും, പ്രാഥമ്യവും വഹിക്കുന്ന ഒരു വലിയ പ്രമേയമാകുന്നു ഇപ്പോൾ അവതരിക്കപ്പെട്ടിട്ടുള്ളതു്. ഈ നിയമസഭയിൽ ഈ പ്രമേയം ഇന്നാദ്യമായി അവതരിക്കപ്പെടുന്നതല്ലാ എന്നുള്ള സംഗതി തന്നെ അക്കാര്യത്തിൽ അനുദ്യോഗസ്ഥ ഭാഗത്തിനുള്ള ആവേശവും ഉദ്യോഗസ്ഥമണ്ഡലത്തിനു് അതിനോടുള്ള വൈരാഗ്യവും പ്രത്യക്ഷമാക്കുന്നുണ്ടു്. അയൽരാജ്യങ്ങളായ തിരുവിതാംകൂറിൽ എതാണ്ടിതുപോലെയുള്ള ഒരു പ്രമേയത്തിലെ തത്വങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നും ഇല്ലെന്നും, ബ്രിട്ടീഷിൽ ഉടനെ പ്രാദേശികസ്വയംഭരണ തത്വങ്ങൾ നടപ്പിലാകുമെന്നും ഇല്ലെന്നും മറ്റുമുള്ള വാദങ്ങൾക്കു് ഇവിടെ വലിയ പ്രസക്തിയുണ്ടെന്നും തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സ്വയംഭരണം, പ്രാദേശിക സ്വയംഭരണം, ഉത്തരവാദിത്വഭരണം, പ്രജായത്തഭരണം എന്നിങ്ങിനെയുള്ള ശബ്ദകോലാഹലങ്ങൾ ഏതു രാജ്യത്തും ഇപ്പോൾ മാറെറാലിക്കൊള്ളുന്നുണ്ടെന്നു സമ്മതിച്ചേ തീരൂ. ബ്രിട്ടീഷിലും തിരുവിതാംകൂറിലും ഉത്തരവാദിത്വഭരണം ഏർപ്പെട്ടതു കൊണ്ടോ, ഏർപ്പെടുവാൻ പോകുന്നതുകൊണ്ടോ; കൊച്ചിയിലും അപ്രകാരമൊന്നുണ്ടായേ കഴിയൂ എന്നു ന്യായവും എനിക്കൊട്ടും ആകർഷകമായിതോന്നുന്നില്ല. അവിടെയൊന്നും അങ്ങിനെയൊന്നില്ലെങ്കിലും, അടുത്തൊന്നും അങ്ങിനെ ഉണ്ടാകുന്നതല്ലെന്നും വന്നാൽക്കൂടിയും, ഉത്തരവാദിത്വഭരണത്തെ നടപ്പിൽ വരുത്തുന്നതിന്നു കൊച്ചിയിൽ ആവശ്യമുണ്ടെന്നും; കൊച്ചിക്കാർ അതിന്നു അർഹന്മാരാണെന്നും തെളിഞ്ഞാൽ അയൽപക്ക മനുഷ്യരെയെ അതിലംഘിച്ചും അവർക്കു നാം മാർഗ്ഗദർശികളായിതീരുന്നതു അഭിമാനകരവും അത്യന്താപേക്ഷിതവുമാണ്. അതുകൊണ്ട് ഉത്തരവാദിത്വഭരണത്തിന്നു് ഈ രാജ്യത്തു് ആവശ്യമുണ്ടോ എന്നും, ആ ഭരണമാറ്റത്തിന്നു നാം അർഹന്മാരാണോ എന്നും നമുക്കു പുനരാലോചിക്കുക. അതു രണ്ടുമുണ്ടെങ്കിൽ നമുക്കതു കിട്ടണം! തരില്ലെങ്കിൽ വാദിച്ചും വാങ്ങണം.

സർ, കൊച്ചിരാജ്യത്തിൽ എന്നെങ്കിലും ഉത്തരവാദിത്വഭരണത്തിന്റെ അത്യാവശ്യകത നഗ്നമായി പ്രഖ്യാപനം ചെയ്തിട്ടുണ്ടെങ്കിൽ അതിപ്പോഴാണെന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു. ഇരുപതുരൂപികയുടെ ഒരു സ്ഥിരജോലി ലഭിക്കുന്നതിന്നു നിയമപ്രകാരം വേണ്ട പഠിപ്പും പാസ്സുമില്ലാത്തവരെ അഞ്ഞൂറുരൂപിക ശമ്പളമുള്ള ഉന്നതസ്ഥാനത്തു ഉറപ്പിക്കുന്ന ഭയനീയമായ കാഴ്ച: സർവ്വീസിലുള്ളവരുടെ സകലാവകാശങ്ങളേയും നിസ്സങ്കോചം നിരാകരിക്കുന്ന മറെറാരു കാഴ്ച: അനുഗ്രഹീതരായ ചില അലസാഗ്രഗണ്യർക്കു അധികശമ്പളം അനുഭവിക്കുമാറു വകുപ്പുകളെ വർദ്ധിപ്പിക്കുകയും, വിഭജിക്കുകയും കൂട്ടിച്ചേർക്കുകയും ചെയ്യുന്ന വേറൊരു കാഴ്ച: രാജ്യത്തിന്റെ വലിപ്പത്തിന്നൊ മുതലെടുപ്പിന്റെ സ്ഥിതിക്കൊ, പ്രവൃത്തിയുടെ വൈപുല്യത്തിന്നൊ അനുസരിച്ചല്ലാത്തവിധം, അതിനെല്ലാം എതിരായവിധം, മേലുദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുത്തു തീററിപ്പോററുന്ന ഇനിയൊരു കാഴ്ച; സിക്രട്ടറി കൺട്രോളറായും, കൺട്രോളർ കള്ളുകച്ചവടക്കാരനായും കള്ളു കഞ്ഞാവുകാരൻ ഹജൂർ സിക്രട്ടറിയായും അല്പസമയത്തിന്നുള്ളിൽ രൂപാന്തരപ്പെടുന്നതും, അവിടെയെല്ലാം അതാതാളുകൾ "പ്രശോഭിക്കുന്ന"തുമായ മറെറാരത്ഭുതകാഴ്ച; പുറംകാരുടെ പുറപ്പാടുകൊണ്ടു് പുറം പൊളിഞ്ഞും അകം വെന്തും നിലവിളിക്കുന്ന പഴയ ഉദ്യോഗസ്ഥന്മാരുടെ അസംതൃപ്തി മറെറാരു കാഴ്ച; കടംപേറി ധാടിപുലർത്തുന്ന വേറൊരു കാഴ്ച; ഇതാണു് ഇന്നത്തെ കൊച്ചി ഭരണക്രമത്തിലേക്കു ഒന്നെത്തിച്ചുനോക്കുവാൻ സൌകര്യപ്പെടുന്ന ഏവരും കാണുന്നതു്.

സർ, ഭരണക്രമം ക്രമേക്രമേ പുരോഗമിക്കുകയും, അതിന്റെ ച

LIBRARY ARCHIVES Kerala Legislative Assembly

ക്കുങ്ങളും ചാഴിയാണികളും ഇടക്കിടയ്ക്കു മാറുകയും പതിവുണ്ട്. അതിൽ ചിലപ്പോൾ പണിദോഷങ്ങളും സാധനദൗഷ്യവും സംഭവിച്ചേക്കാവുന്നതുമാണ്. എന്നാൽ, ഭരണീയരായ നാട്ടാരുടെ സ്ഥിതിയെന്താണെന്നു ക്രൂടി ഒന്നു ചിന്തിച്ചുനോക്കുക. ദാരിദ്ര്യത്തിന്റെയും, പട്ടിണിയുടേയും, സാംക്രമിക രോഗങ്ങളുടേയും സ്വയംഭരണമാണ് നാട്ടമ്പുറങ്ങളിൽ ഇന്നു കാണുന്നതു്! ക്ഷൗരക്കാരന്റെ രണ്ടണയിൽനിന്നും, പല്ലുകാരത്തിയുടെ ഒരു പുത്തനിൽനിന്നും, അടക്കവെട്ടുകാരന്റെ അരയണയിൽനിന്നുംക്രൂടി, ഒരോഹരി, ആരോഗ്യവകുപ്പിന്റെ ആരോഗാവസ്ഥ അപഹരിക്കുന്നു! കൃഷിക്കു വെള്ളമില്ലെങ്കിലും വിളവിനു നാശമാണെങ്കിലും, നെല്ലിനു വിലയില്ലെങ്കിലും, നിത്യച്ചിലവുകൾക്കു നിവൃത്തിയില്ലെങ്കിലും; നിസ്സഹായരായ നാട്ടുകാർ നട്ടെല്ലൊടിച്ചും സ്ക്കാരിനോടുള്ള മാനമര്യാദകൊണ്ടും സാദരം നടത്തുന്നു! കൃഷിവകുപ്പുകാർ ഈ രാജ്യത്തില്ലാത്ത ഗോതമ്പിനും പുകയിലക്കും മാക്കറോണിക്കും നടക്കുന്നു! പരസ്പരസഹായ വകുപ്പുകാർ മലയാളഭാഷയിൽ ഈ വകുപ്പുകാരണം പുതിയതായുണ്ടായ "കോപ്പാട്ടി" എന്ന പരിഹാസപ്പേരിന്റെ പ്രചുരപ്രചാരത്തിനായി പ്രയത്നപ്പെടുന്നു; ഒരുപക്ഷം ക്രൂടാതെ, മുറിപ്പട്ടിണിക്കാരായിട്ടെങ്കിലും മുളിപ്പാട്ടംപാടി കഴിഞ്ഞിരുന്നവരുടെ ഇടയിലെല്ലാം "പഞ്ചാപത്തുകളെ"ക്കുറിച്ചുള്ള പരമാത്ഥബോധം പഞ്ചായത്തു വകുപ്പുകാർ പ്രചരിപ്പിക്കുന്നു! തൊഴിലില്ലാത്തവരും പഠിച്ചു തൊഴിലില്ലാത്തവരും, പഠിപ്പുണ്ടെങ്കിലും തൊഴിലില്ലാത്തവരും, ഒരു പഠിപ്പുമില്ലെങ്കിലും നല്ല തൊഴിലുള്ളവരും, പഠിക്കാനും പഠിപ്പിക്കാനും വഴിയില്ലാത്തവരും, നാട്ടിലെല്ലാം നിറഞ്ഞിരിക്കുന്നു! കാരണം എന്തായാലും, കുറെറം ആരുടേയായാലും നാട്ടുകാർ അധഃപതനത്തിന്റെ അടിത്തട്ടുകണ്ട ഒരുകാലം ഇപ്രകാരം ഇതിനുമുമ്പുണ്ടായിട്ടില്ലതന്നെ.

സ്വയംഭരണസാമർത്ഥ്യം ജനങ്ങൾക്കുണ്ടായിരുന്നുവൊ, ഇപ്പോൾ ഉണ്ടൊ എന്നാണിനി നോക്കുവാനുള്ളതു്. സർ, ഇന്നത്തെ പ്രജായത്ത ഭരണപദ്ധതിയുടെ അങ്ങേ അറത്തു് എത്തിയിരിക്കുന്നവരായി അഭിമാനപ്പെടുന്ന പാശ്ചാത്യ പരിഷ്കൃതരാജ്യങ്ങളിലെ ജനങ്ങൾ സ്വയംഭരണതത്വങ്ങൾ പഠിക്കുവാൻ തുടങ്ങുന്നതിനു മുമ്പുള്ള പുരാതനകാലത്തുതന്നെ, അത്യൽകൃഷ്ടമായ "റിപ്പബ്ലിക്ക്" ഭരണസമ്പ്രദായത്തെ ലോകസമക്ഷത്തിൽ ഉയത്തിപ്പിടിച്ചു്, അന്യരാജ്യക്കാരെ അമ്പരപ്പിച്ച ഒരു മഹാരാജ്യമാണു് ഞങ്ങളുടെ ഈ കേരളം. പന്ത്രണ്ടു കൊല്ലത്തേക്കു യഥേഷ്ടം രാജാവിനെ തിരഞ്ഞെടുത്തു കേരള ചക്രവത്തിയായി— പ്രസിഡണ്ടായി—വാഴിപ്പിച്ചു, നാട്ടുകൂട്ടങ്ങളുടെ അഭിപ്രായപ്രകാരം രാജ്യഭരണം നടത്തിച്ച ആ ചരിത്രപ്രഖ്യാതമായ കേരളത്തിന്റെ നടനായകമാണീ കൊച്ചീരാജ്യം. ഒടുവിലത്തെ കേരളചക്രവത്തിയായിരുന്ന "പെരുമാൾ പ്രസിഡണ്ടി"ന്റെ പാരമ്പര്യത്തേയും പരമാദർശത്തേയും പരി

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കുന്ന ഒരു പുണ്യപുരുഷനാണ് പ്രജാഹിതൈഷിയായ ഞങ്ങളുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ട്. സർ, പ്രജായത്തഭരണം കേരളീയർക്കു പുത്തരിയല്ല; പുതുമയല്ല.

സർ, പഴമയുടെ പാവനതപത്തിൽ മാത്രം ഞങ്ങൾക്കിപ്പോൾ ഒതുങ്ങി നില്ക്കണമെന്നില്ല. കൊച്ചിയുടെ ഇന്നത്തെ നിലയെന്താണെന്നാണു പറയപ്പെടുന്നതു്. ആ നിലക്കു്, ഈ അഭിലാഷം അസ്ഥാനത്തിലാണോ എന്നു നോക്കുക. ആധുനിക വിദ്യാഭ്യാസത്തിൽ അനന്യലഭ്യമായ ഒരു സ്ഥാനവും, പരിഷ്കാരംകൊണ്ടും പരമോന്നതമായ ഒരു സ്ഥിതിയും കൈവന്നിട്ടുള്ളതും സാഹചര്യങ്ങളെക്കൊണ്ടും സഹജമായ ബുദ്ധി വികാസംകൊണ്ടും സമുൽക്കൃഷ്ടതപം സമ്പാദിച്ചിട്ടുള്ളതും ആണു കൊച്ചിരാജ്യമെന്നു്, ഔദ്യോഗിക റിപ്പോർട്ടുകളിലും കണക്കുകളിലും കാണുന്നതു്. ജനങ്ങളെ ക്രൂരതയെയുള്ള രാജ്യത്തെക്കുറിച്ചായിരിക്കയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ശിപായിപ്പണിക്കുപോലും, "ഓണേർസു"മാരെ കിട്ടുമാറു സർവകലാശാലാ ബിരുദധാരികൾ, ആണിലും പെണ്ണിലും, അതിധാരാളമായിട്ടുള്ള ഈ രാജ്യത്തു ഏതുദ്യോഗത്തിൽ വെച്ചാലും പൊടിതല്ലുന്നതിനുള്ള ചൊടി തുള്ളുന്നവർ നൂറുനൂറായി പുറപ്പെടുന്ന ഈ രാജ്യത്തു്, സ്വയംഭരണവിത്തു പാകുവാനുള്ള പാകമായില്ലെന്നു പറയുന്നതാരാണു്, എങ്ങിനെയാണു്? ഈ നിയമസഭയുടെ പതിനൊന്നുകൊല്ലത്തെ പരിശോഭനമായ ജീവിതം തന്നെയും, മറേറതു പൗരസഭയോടും പടപൊരുതുന്നതിനു പാടവമുള്ള ഈ നിയമസഭയുടെ ഏതൽപര്യന്തമുള്ള ചരിത്രംതന്നെയും, സ്വയംഭരണസംരംഭത്തിലുള്ള സാധുതയെ പ്രഖ്യാപനംചെയ്യുന്നില്ലയോ?. അതിനു വല്ല അറകുറമൊകേടുപാടുകളൊ ഉണ്ടെങ്കിൽതന്നെ, അവയെയെല്ലാം ശരിപ്പെടുത്തുന്നതിനും, അതിനെ പൂർവാധികം കാര്യക്ഷമമാക്കുന്നതിനും, ഇന്ത്യൻ അസംബ്ലി പ്രസിഡണ്ടിന്റെ ഇവിടത്തെ ആഭ്യക്ഷം അപര്യാപ്തമാണെന്നു വരുമൊ.

സർ, ഇപ്പോഴത്തെ നിയമസഭാ പ്രസിഡണ്ടിന്റെ കാലത്താണു്, ഇക്കാലത്തുതന്നെയാണു്, കൊച്ചിനിയമസഭക്കു സ്വയംഭരണാധികാരത്തിന്റെ ചില ശകലങ്ങളെങ്കിലും സമ്പാദ്യമുണ്ടാകേണ്ടതു്. രാജ്യത്തിന്റെ അന്തസ്സിനും രാജ്യവാസികളുടെ വിദ്യാഭ്യാസത്തിനും, അനുസരിച്ചു ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ ഒന്നും തന്നെ ഈ സഭക്കു കിട്ടീട്ടില്ല, കിട്ടുന്നുമില്ല. വിദ്യാർത്ഥികളുടെ സാഹിത്യ സമാജത്തിനുപോലും ഞങ്ങളുടെ സഭയ്ക്കുള്ളതിനേക്കാൾ അന്തസ്സും ഔർജ്വസ്വലതയും ഉണ്ടു്. അലങ്കാരത്തിനും അധികച്ചിലവിനുമല്ലാതെ ഇന്നത്തെ സഭകൊണ്ടു ഒരു ഫലപ്രാപ്തിയുമില്ല. മിക്കതിനെക്കുറിച്ചും ഞങ്ങൾക്കു പറയുവാൻ പാടില്ല; പറയുന്നതിന്റെ തന്നെ നീളം വീതി ഘനങ്ങൾ നിശ്ചിതങ്ങളുമാണു്. ആ ഇടുങ്ങിയ പരിധിക്കുള്ളിൽ കിടന്നു പറയുന്നതും

LIBRARY ARCHIVES Kerala Legislative Assembly

അധികൃതന്മാർ ശ്രദ്ധിക്കേണമെന്നില്ല; അനുസരിക്കേണമെന്ന് ഒട്ടുമില്ല. ബോമ്പെയിൽ ഏതൊ കമ്പനിയിൽ നിക്ഷേപിച്ചിരുന്ന സക്കാർ പണത്തിനു കിട്ടിയ പലിശയുടെ നിരക്കെന്താണെന്നുപോലും അറിവാൻ ഞങ്ങൾക്കർഹതയില്ല. ഞങ്ങൾ പൊതുജനപ്രതിനിധികളാണ്. ഞങ്ങൾ പ്രതിനിധീകരിക്കുന്നതു നാട്ടുകാരുടെ അഭിലാഷങ്ങൾ, ആവശ്യങ്ങൾ, ആഗ്രഹങ്ങൾ, ആദർശങ്ങൾ ഇവയാണ്, അവരുടെ മാംസപിണ്ഡങ്ങളെയല്ല. ഈസഭ ഭൂരിപക്ഷമായും, ഏകകണ്ഠമായിത്തന്നെയും അംഗീകരിക്കുന്ന പ്രമേയങ്ങൾ ചവറുകൊട്ടകളുടെ പള്ള വീർപ്പിക്കുവാൻ മാത്രമാണ് ഉപയോഗപ്പെടുന്നതു് എന്നു് ഏതു ഗസറും നോക്കിയാലും കാണാം. ശിപായിമാരുടെ ശമ്പളത്തെക്കുറിച്ചല്ലാതെ ഞങ്ങൾക്കു മിണ്ടിക്കൂടാ. തീവണ്ടിയും തീക്കപ്പലും ഞങ്ങൾ തൊട്ടാൽ നശിക്കുന്നമായാവിദ്യകളാണ്. ഈ നിലയിൽ ഈ സഭകൊണ്ടു നടക്കുന്നതു നിരാശക്കുമാത്രം കാരണമാകുന്നതാണ്. അതിനെ അവസാനിപ്പിച്ചു് അതിന്നായി വേണ്ടിവരുന്ന വലിയ ചിലവുംക്രൂടി, ശമ്പളംപോരെന്നു പിറുപിറുക്കുന്ന വകുപ്പദ്ധ്യക്ഷന്മാർക്കു പങ്കുവെച്ചു കൊടുക്കുന്നതാണു നല്ലതു്. ആ ഭാഗത്തെങ്കിലും, അവക്കെങ്കിലും അതുകൊണ്ടു് അല്പസ്വല്പം സംതൃപ്തിയുണ്ടായെന്നുവന്നേക്കാം.

സർ, പൊതുജനപ്രതിനിധികളായി ഇവിടെ എത്തിക്കൂടുന്ന ഞങ്ങൾ അനന്യശരണരല്ല, വേറെ ഗതിയും തൊഴിലും ഇല്ലാത്തവരുമല്ല. നാലര ക. ബത്തയൊ, പങ്കുച്ചോട്ടിലെ മെത്തക്കസേരിയൊ, ഭൂമിച്ചില്ല ഞങ്ങളിൽ പലരും പലവിധം പാടുപെട്ടാ ഇവിടെ എത്തിക്കൂടിയിരിക്കുന്നതു്. ഞങ്ങളുടെ നിയോജകമണ്ഡലങ്ങളോടു് ഞങ്ങൾക്കു ചില കടമയുണ്ടു്; പൊതുജനങ്ങൾ ചിലതെല്ലാം ഞങ്ങളിൽനിന്നു് ആശിക്കുന്നുണ്ടു്. വഞ്ചിതരൊ വഞ്ചകരൊ ആകാതെ കഴിയേണമെന്നാണു് ഞങ്ങളുടെ ആഗ്രഹം. കണ്ടുകൊണ്ടിരിക്കാനും കേട്ടുകൊണ്ടിരിക്കാനും, ചിലപ്പോൾ ചിലതൊക്കെ പറഞ്ഞുകൊണ്ടുപോകാനും മാത്രമെ ഞങ്ങൾക്കധികാരമുള്ളൂവെങ്കിൽ ഈ പ്രസ്ഥാനത്തെ ഉടനെ സമാപ്തീകരിക്കുന്നതാണ് എന്തുകൊണ്ടും ഉത്തമവും ഉചിതവും.

"പഠിപ്പുകൊണ്ടു് നിങ്ങൾ മുന്നണിയിൽ നില്ക്കുന്നു; നിങ്ങളുടെ കൊച്ചി തുറമുഖം അറബിക്കടലിലെ അതിസുന്ദരിയായ മഹാരാജ്ഞിയാകുവാൻ പോകുന്നു; നിങ്ങൾ അതിബുദ്ധിമാന്മാരാകുന്നു: നിങ്ങളുടെ രാജ്യം രത്നഗർഭതന്നെയാകുന്നു; അവിടത്തെ സമ്പത്തിന്റെ ഉപരിഭാഗംപോലും ഇന്നുവരെ സ്പർശിക്കപ്പെട്ടിട്ടില്ല; നിങ്ങൾ അലസന്മാരായി അനങ്ങാതിരിക്കുവാനാണൊ ഭാവം" എന്നും മറും ഞങ്ങളുടെ ദിവാൻജിയുംക്രൂടിയായ ഈ സഭാദ്ധ്യക്ഷൻ അവർകൾതന്നെ, പ്രഗത്ഭവും പ്രസിദ്ധവുമായ അദ്ദേഹത്തിന്റെ അസാധാരണ വാഗ്ധാടിയോടുക്രൂടി പ്രസംഗിച്ചു കേൾക്കുകയുണ്ടായി. ഹാ! ആ മഹാറാണിയുടെ മനോ

LIBRARY ARCHIVES Kerala Legislative Assembly

ഹരകാന്തിയെ മറയത്തുനിന്ന നോക്കിക്കൊണ്ട് "ഹേ! ദേവി! വിജയിഷ്യതാക" എന്ന വിജയം ആശംസിക്കുവാനല്ലാതെ, അവളുടെ ആ സൌന്ദര്യം കൃത്രിമമൊ അകൃത്രിമമൊ എന്ന അടുത്തുകാണാനംക്രുടി ഞങ്ങൾക്ക അർഹതയില്ല! ഞങ്ങളുടെ പഠിപ്പൊ ബുദ്ധിയൊ രാജ്യത്തിന്റെ സേവനത്തിന്ന ഉപയുക്തങ്ങളല്ല!! ഞങ്ങളുടെ രാജ്യത്തിലെ ഐശ്വര്യത്തെ എടുത്തു പെരുമാറുവാൻ ഉഴറുന്ന ഞങ്ങളുടെ ഹസ്തങ്ങൾ വിദേശീയർ ബലമായി പിടിച്ചു നീക്കുന്നു! ഇതാണ ഞങ്ങളുടെ നില. ഞങ്ങൾക്കെല്ലാമുണ്ട്; ഒന്നുമില്ല.

സർ, എന്താണീപ്രമേയംകൊണ്ടു ഞങ്ങൾ അഭ്യർത്ഥിക്കുന്നത്; ആവശ്യപ്പെടുന്നത്? നിർദ്ദോഷവും കേവലം പ്രാഥമികവുമായ രണ്ടു മന്ത്രിമാരുടെ ത്രുപവൽക്കരണം മാത്രം. കൃഷി, പഞ്ചായത്ത്, കോപ്പറേറീവ് മുതലായ ചില വകുപ്പുകളുടെ ഭരണത്തെക്കുറിച്ചു ഈ സഭയോടു ഉത്തരവാദിത്വമുള്ളവരായ, തിരഞ്ഞെടുക്കപ്പെട്ട രണ്ടു മന്ത്രിമാരുടെ നിയമനം മാത്രം! അതിന്ന ഞങ്ങൾ ഇനിയും അർഹന്മാരല്ലെങ്കിൽ, ഞങ്ങളുടെ പഠിപ്പിനെക്കുറിച്ചും, ബുദ്ധിയെക്കുറിച്ചും ഈ സഭയുടെ കാര്യക്ഷമതയെക്കുറിച്ചും ഇവിടത്തെ രാജ്യഭരണത്തിന്റെ ജനകീയതയെക്കുറിച്ചും പരിഹാസപ്രസംഗങ്ങൾ ചെയ്തു ഞങ്ങളെ അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നതെന്നെങ്കിലും അപേക്ഷിക്കട്ടെയൊ! ഈ നിയമസഭ നിരുപയോഗമായ ഒരു പാഴ് ചിലവിന്ന മാത്രം ഉള്ളതല്ലാത്തപക്ഷം നിസ്സാരമായ ഈ പ്രമേയം അംഗീകരിക്കപ്പെടേണ്ടതാണു. പരീക്ഷാർത്ഥമായിട്ടെങ്കിലും അംഗീകരിക്കേണ്ടതാണ്. ഉത്തരവാദിത്വഭരണത്തിന്ന അത്യാവശ്യവും അത്യന്തം അർഹതയും ഇവിടെ ഇന്നുണ്ട്. ഇതുയും പ്രസ്താവിച്ചുകൊണ്ടു ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ അവതരിപ്പിച്ചിട്ടുള്ള ഈ ഭരണപരിഷ്കാര പ്രമേയത്തെ ഹാർദ്ദമായും ശക്തിയായും ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

* **Dr. A. R. Menon.**—Sir, this question has been brought to the notice of the Government on more occasions than one. During that time we pointed out to Government that an irremoveable executive will gradually tend to be irresponsible and an irresponsible opposition facing against an irresponsible Government will create nothing but chaos and difficulties, and would not be an instrument for solving the various national problems that face them. It is a political truism which could be understood by every one. But our Government only had an idea to show to the public outside that this is a Government based upon the good-will and consent of the people and in order to show that, they wanted a dummy Council of this nature. I have taken the liberty to point out in this House that this Council far from checking the Government has con-

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

tributed to strengthen their hands in their autocratic ways, for by some means or other they sometimes succeed in getting a majority to record their autocratic and undemocratic action, thereby investing a kind of moral authority which they do not deserve and they should not deserve. This has been going on for some time and it went on well at the very beginning. But later on when questions arose and when we began to ask that this Council should be invested with more power immediately, they showed that they could not even think of such a contingency. I was told that the Secretary to Government said that 'in the fulness of time' this boon will be conferred upon us. If our officials for a moment allow themselves to be guided by this principle of fulness of time, how much jealousy, how much ill-feeling could have been avoided? Everyone who joined the service even yesterday wanted to be the Head of Department. If that be so, if for your personal considerations you can violate all ethics of moral principles, is it too much that we demand certain rights, not for ourselves but for the sake of the whole people whom we represent? Is it then for you, gentlemen, to come and tell us 'Remain and in the fulness of time we will consider your request?' Are you not ashamed to teach us this lesson? Your business is to say 'we are not willing to surrender our powers'. I can understand that. You come and lecture that in the fulness of time we will be given. Be guided by your own advice in your own case and much discontentment and disharmony in the State could be avoided. There will be peace and good-will among the officials themselves, leave alone the relations between yourselves and ourselves.

